മാധ്യമം

02 January 2021

# തിരിച്ചുവരവിനൊരുങ്ങി മത്തി; പിടിക്കുന്നതിൽ കരുതൽ വേണമെന്ന് മുന്നറിയിപ്പ്

## ● അഞ്ചുവർഷമായി കേരള തീരങ്ങളിൽ മത്തിക്ഷാമമുണ്ട്

**കൊച്ചി:** ഏറെക്കാലമായി കേരള തീരങ്ങളിൽ ക്ഷാമം നേരിട്ടിരുന്ന മത്തി കാലാവസ്ഥ അനുകൂലമായതോടെ ചെറിയ തോതിൽ പ്രത്യക്ഷപ്പെട്ടുതുടങ്ങി. തെക്കൻ കേരളത്തിൻെറ തീരങ്ങളിലാണ് ചെറുമത്തികൾ കണ്ടുതുടങ്ങിയത്. ഇവയെ പിടിക്കുന്നതിൽ കരുതൽ വേണമെന്ന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ) മുന്നറിയിപ്പ് നൽകുന്നു.

കഴിഞ്ഞ ദിവസങ്ങളിൽ പിടിച്ച മത്തി പ്രത്യുൽപാദന ഘട്ടത്തിലെത്തിയിട്ടില്ലെന്ന് സി.എം.എഫ്.ആർ.ഐ ഗവേഷകർ കണ്ടെത്തി. 14-16 സെ.മീ. വലിപ്പമുള്ള ഇവ പൂർണ പ്രത്യുൽപാദനത്തിന് സജ്ജമാകാൻ മൂന്നുമാസം കൂടി വേണം. മുട്ടയിടാൻ പാകമായ വലിയ മത്തികൾ കേരള തീരങ്ങളിൽ തീരെ കുറവാണ്. നിയമാനുസൃതമായി പിടിക്കാവുന്ന മത്തിയുടെ വലിപ്പം (എം.എൽ.എസ്) 10 സെ.മീ. ആണെങ്കിലും പ്രതികൂലവും അസാധാരണവുമായ നിലവിലെ സാഹചര്യം പരിഗണിച്ച് ഇപ്പോൾ ഇത് പിടിക്കാതിരിക്കുന്നതാണ്



അഭികാമ്യമെന്ന് സി.എം.എഫ്.ആർ.ഐയിലെ പ്രിൻസിപ്പൽ സയൻറിസ്റ്റ് ഡോ. ഇ.എം അബ്ദുസ്സമദ് പറഞ്ഞു. അഞ്ചുവർഷമായി കേരള തീരങ്ങളിൽ മത്തിക്ഷാമമുണ്ട്. 2017ൽ ലഭ്യത ചെറിയ തോതിൽ ഉയർന്നെങ്കിലും പിന്നീടുള്ള വർഷങ്ങളിൽ ഗണ്യമായി കുറഞ്ഞു. 2019ൽ ലഭ്യത 20 വർഷത്തിനിടെയുണ്ടായ ഏറ്റവും താഴ്ന്ന നിലയിലേക്ക് കൂപ്പുകുത്തിയിരുന്നു. 44,320 ടൺ മത്തി മാത്രമാണ് കഴിഞ്ഞ വർഷം സംസ്ഥാനത്ത് ലഭിച്ചത്. ചെറിയ മത്തികളെ പിടിക്കുന്നതിൽ നിയന്ത്രണം വേണമെന്ന നിർദേശം ഫിഷറീസ് മന്ത്രി ജെ. മേഴ്സിക്കുട്ടിയമ്മയുടെ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ടെന്ന് സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ അറിയിച്ചു.